


*PREPARED BY*

*LITTLE KITES UNIT*

*G H S S THEKKUTHODU*

*0468-2380379,E-mail: ghsstkd@gmail.com*

## എഡിറ്റോറിയൽ

ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത്.ലോകത്തിന്റെ എവിടെയും നടക്കുന്ന എല്ലാ കാര്യങ്ങളും വേഗത്തിൽ നമുക്ക് ഇന്റർനെറ്റിലൂടെ അറിയാൻ കഴിയും .എല്ലാ മേഖലകളിലും കമ്പ്യൂട്ടർ ഇന്ന് ഒഴിച്ചുകൂടാൻ പറ്റില്ല .ഈ കാലഘട്ടത്തിൽ നമ്മുടെ വായന ശീലങ്ങളിലും മാറ്റം വന്നു കഴിഞ്ഞു .വായന ഡിജിറ്റൽ യുഗത്തിലേക്ക് മാറി .പഴയ കനംകൂടിയ പുസ്തകത്തിൽ നിന്നും ഡിജിറ്റൽ രേഖയിലേക്ക് മാറിക്കഴിഞ്ഞു .വായനയുടെ ഈമാറ്റത്തിനു ചുവടു പിടിച്ചാണ് സാധാരണ മാഗസിനിൽ നിന്നും ഡിജിറ്റൽ മാഗസിനിലേക്കു നാം ചുവടുമാറ്റിയത്.Little kites യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെ രചനകൾക്ക് പ്രോത്സാഹനം ആകും എന്നതിൽ സംശയം ഇല്ല .അതോടൊപ്പം അവരുടെ വിവര സാങ്കേതിക വിദ്യയിൽ താല്പര്യവും വളർത്തുവാനും ഈ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു .ഈ മാഗസിൻ നിങ്ങൾക്കായി സവിനയം സമർപ്പിക്കുന്നു

എഡിറ്റർ

ആകാശ് വി നായർ

# PRINCIPAL



## ആശംസകൾ

വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനോടൊപ്പം ഡിജിറ്റൽ വായനയുടെ പുതിയ ലോകത്തേക്ക് അവരെ കൈ പിടിച്ചു കൊണ്ടുപോകാൻ ഈ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു

**JIJINEEZA S T**
**GHSS THEKKUTHODU**

# HEADMISTRESS



**ആശംസകൾ**

**തേക്കുതോട് ഗവ:ഹയർ സെക്കന്ററി സ്കൂളിലെ LITTLE KITES യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മഴവില്ല് എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു .തുടർന്നും ഇതുപോലെ ഉള്ള പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു**

**SINI M HALLAJ**
**GHSS THEKKUTHODU**

# ഉള്ളടക്കം

എഡിറ്റോറിയൽ ..........................................................6
LITTLE KITES പ്രവർത്തനങ്ങളിലൂടെ..........................7
മെൻലോ പാർക്കിലെ ഗ്ലഗിൾ മാന്ത്രികൻ ..........................12
കവികളുടെ വിളിപ്പേരുകൾ..........................................13
പഴഞ്ചൊല്ലുകൾ ..........................................................14
MY LOVING MOTHER........................................15
ഭൂമി എന്ന ജീവഗ്രഹം..................................................16
കട്ടുറുമ്പിന്റെ കാത് കുത്ത് ..........................................17
കാലഘട്ടങ്ങൾ മാറുന്നു................................................18
എന്റെ ഉമ്മ ..............................................................20
നമ്മയുടെ തിരിച്ചറിവ്...................................................21
അച്ഛനും മകനും..........................................................22
സൗഹൃദം...................................................................23
കാർഷിക കലണ്ടർ .......................................................25
സ്കൂളുകളിൽ മുട്ട വിപ്ലവം...............................................26
കുട്ടികളുടെ അവകാശങ്ങൾ............................................28
വരകളിലൂടെ ...............................................................29
Golden moments ......................................................30
നന്ദി ............................................................33

# EDITORIAL BOARD



AKASH V NAIR
STUDENT EDITOR



SMITHA J B
STAFF EDITOR

# MEMBERS



NANDHANA



ATHULYA ULLAS



JIBI PHILIP



SACHU



ANCY S K

# LITTLE KITES UNIT MEMBERS







SREENATH T S
KITE LEADER

POOJA PRADESH
KITE DEPUTY LEADER

## LITTLE KITE UNIT INAUGURATION








SREEKANTH P R
KITE MASTER



SMITHA J B
KITE MISTRESS

# റിപ്പോർട്ട്

## ഉത്ഘാടനം

തേക്കുതോട് ഗവണ്മെന്റ് ഹൈ സ്കൂളിലെ LITTLE KITES യൂണിറ്റിന്റെ ഉത്ഘാടനം 27 /06 /2018 ന ബഹുമാനപ്പെട്ട വാർഡ് മെമ്പർ ശ്രീമതി അജിത സോമൻ നിർവഹിച്ചു .P T A പ്രസിഡന്റ് ശ്രീ T P സുഭാഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹെഡ്മിസ്ട്രസ് ശ്രീമതി ജിജിനിസ ടീച്ചർ സ്വാഗതം ചെയ്തു.സാമൂഹിക സുരക്ഷയുള്ള ഐ ടി കേഡറ്റുകകളെ വാർത്തെടുക്കാൻ LITTLE KITES പ്രോഗ്രാമിന് കഴിയട്ടെ എന്ന് പ്രസംഗത്തിൽ വാർഡ് മെമ്പർ ആശംസിച്ചു .ഐ ടി പഠനം കൂടുതൽ ലളിതവും അതോടൊപ്പം അനായാസവും ആവാൻ LITTLE KITES കുട്ടികളെ പ്രാപ്തരാക്കും എന്ന് ഹെഡ്മിസ്ട്രസ് അഭിപ്രായപ്പെട്ടു .KITE MASTER ആയ ശ്രീകാന്ത് പി ആർ പദ്ധതി വിശദീകരിച്ചു .സീനിയർ അസിസ്റ്റന്റ് ശ്രീമതി ബിന്ദു.വി ,S R G കൺവീനർ ശ്രീ ബിജു തോമസ് എന്നിവർ സംസാരിച്ചു .KITE MISTRESS ആയ ശ്രീമതി സ്മിത ജെ ബി യോഗത്തിനു നന്ദി പറഞ്ഞു .

## ക്ലാസുകൾ

അക്കാദമിക പഠന സമയം ഒട്ടും നഷ്ടപ്പെടുത്താതെ കുട്ടികൾക്ക് ഏറെ ആകർഷകമുള്ള കമ്പ്യൂട്ടർ പഠനം ആണ് KITE വിഭാവനം ചെയുന്നത് .എല്ലാ ബുധനാഴ്ചകളിലും രാവിലെ 8 .30 മുതൽ 9 .30 വരെ ആണ് ക്ലാസുകൾ നടത്തിയിരുന്നത് .കുട്ടികളുടെ കൃത്യമായ സാനിധ്യം എല്ലാ ക്ലാസ്സുകളിലും ഉണ്ടായിരുന്നു .

## അധ്യാപക പരിശീലനം

ഏപ്രിൽ മാസത്തെ രണ്ടു ദിവസത്തെ പരിശീലനത്തിന് ശേഷം ജൂൺ 30 ന KITE MASTER /MISTRESS ആയ ശ്രീകാന്ത് പി ആർ ,സ്മിത ജെ ബി എന്നിവർക്ക്

അനിമേഷനുമായി ബന്ധപ്പെട്ട ഏകദിന പരിശീലനം നടത്തിയിരുന്നു .അതിനു ശേഷം സെപ്റ്റംബർ മാസത്തിൽ രണ്ടു ദിവസങ്ങളിലായി SCRATCH ,PROGRAMMING മേഖലകളിൽ പരിശീലനം ലഭിച്ചു .തുടർന്ന് ഡിസംബർ മാസത്തിൽ രണ്ടു ദിവസങ്ങളിലായി ഡിജിറ്റൽ ക്യാമറ പരിശീലനം ലഭിച്ചു .ഇത് വളരെ ഫലപ്രദം ആയിരുന്നു .സ്കൂളിലെ മികവാർന്ന പരിപാടികളെ ജനങ്ങളിലേക്ക് എങ്ങനെ എത്തിക്കാം എന്ന് മനസിലാക്കാൻ കഴിഞ്ഞു .തുടർന്ന് 2019 ജനുവരി മാസത്തിൽ രണ്ടു ദിവസങ്ങളിലായി റോബോട്ടിക് ,റാസ്ബെറി പൈ തുടങ്ങിയ മേഖലകളിൽ പരിശീലനം ലഭിച്ചു .

## ക്യാമ്പുകൾ

LITTLE KITES ആഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള പ്രഥമ ഏകദിന ക്യാമ്പ് 15 / 08 /2018 ന സ്കൂളിൽ വച്ച് നടന്നു .സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ജിജിനിസ ടീച്ചർ ഉത്ഘാടനം ചെയ്തു .P T A പ്രസിഡന്റ് ശ്രീ സുഭാഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശ്രീ ബിജു തോമസ് ,ശ്രീമതി ബിന്ദു വി എന്നിവർ സംസാരിച്ചു .KITE MASTER /MISTRES ആയ ശ്രീമതി സ്മിത ജെ ബി, ശ്രീ ശ്രീകാന്ത് പി ആർ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി .ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ ,ഓഡാസിറ്റി ,തുടങ്ങിയവ ആയിരുന്നു പരിശീലന ക്ലാസുകൾ .

ആദ്യ സ്കൂൾ ക്യാമ്പിന് ശേഷം LITTLE KITES അംഗങ്ങളായ ശ്രീനാഥ് ,ആകാശ് .പൂജ ,നന്ദന ,ആരതി ,അതുല്യ ,എന്നിവർ അമൃത സ്കൂളിൽ വച്ച് നടന്ന ദ്വിദിന പരിശീലന ക്യാമ്പിൽ പങ്കെടുത്തു .അനിമേഷൻ ,പ്രോഗ്രാമിങ് തുടങ്ങിയ മേഖലകളിൽ ആയിരുന്നു പരിശീലനം .ഡിസംബർ മാസത്തിൽ പൂജ ,അതുല്യ തുടങ്ങിയ കുട്ടികൾ ദ്വിദിന ഡിജിറ്റൽ ക്യാമറ പരിശീലന ക്യാമ്പിലും പങ്കെടുത്തു .

## പ്രവർത്തനങ്ങൾ

LITTLE KITES യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ 8 ,9 ,10 ഹൈടെക് ക്ലാസ് മുറികളിലെ പ്രൊജക്ടർ പ്രവർത്തിപ്പിക്കുന്ന രീതിയിൽ എല്ലാ കുട്ടികൾക്കും പരിശീലനം നൽകി .അതുപോലെ 5 ,6 ,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ച ഭക്ഷണ ഇടവേളകളിലും ഒഴിവു സമയങ്ങളിലും കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു .വരും വർഷങ്ങളിൽ PLUS ONE അഡ്മിഷൻ സമയത്തു ഹെൽപ്‌ലൈനും

അതുപോലെ സ്കൂളിലെ കുട്ടികൾക്ക് ഓൺലൈൻ ആയുള്ള ബില്ലുകളും മറ്റും അടച്ചു കൊടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട് .

## ക്രോഡീകരണം

പ്രഥമ LITTLE KITES യൂണിറ്റിന്റെ ചില പരിമിതികൾ ഉണ്ടെങ്കിലും ഏറ്റെടുത്ത ക്ലാസ്സുകളും പ്രവർത്തനങ്ങളും ചിട്ടയോടു കൂടി മുന്നോട്ടുപോകുന്നു .യൂണിറ്റിന്റെ രണ്ടാമത് ബാച്ചിലുള്ള സെലക്ഷൻ നടത്താൻ ജനുവരിയിൽ തീരുമാനിച്ചിട്ടുണ്ട് .

KITE MASTER/MISTRESS

## **മെൻലോ പാർക്കിലെ Google മാന്ത്രികൻ**

**ഒരു കൂട്ടുകെട്ട്**

1995 സ്റ്റാൻഫഡ് സർവകലാശാലയിലെ രണ്ടു വിദ്യാർത്ഥികൾ കൂട്ടുകാരാവുന്നു .ലാറി പേജും സെർജി ബ്രിനും പിൽക്കാലത്തു ഒരു പാട് സ്വപ്നങ്ങളെ കൈക്കുടയിൽ ആക്കിയ കിടിലൻ ടെക് കൂട്ടുകെട്ട് .

**ഗൂഗ്ലിങ് തുടങ്ങുന്നു**

1996 - ആദ്യത്തെ ഗൂഗിൾ രൂപം സ്റ്റാൻഫഡ് വെബിൽ google .stanford .edu

1997 -google .com ഡൊമൈൻ ആയി രജിസ്റ്റർ ചെയുന്നു

**ഡ്രോപ്പ് ഔട്സ്**

1999 - ആദ്യ ഓഫീസ് യു എസ്സിലെ പാലോ altoyil .. ലാറിയും സെർജിയും സ്റ്റാൻഫെഡിലെ പഠനം അവസാനിപ്പിക്കുന്നു

2000 -ഒന്നരകോടിയിലധികം പേർ ഗൂഗിളിന്റെ സേർച്ച് സേവനങ്ങൾ ഉപയോഗിച്ചെന്ന് കണക്ക്.കൂടുതൽ ഭാഷകളിൽ സേവനങ്ങളുമായി ഗൂഗിൾ

**ഡ്രീം ടീം**

2001 - എറിക് ഷിമിത് ചെയര്മാന്,ലാറി പേജും സെർജി ബ്രിനും പ്രെസിഡന്റുമാർ .പുതിയഇതിഹാസം രചിക്കാൻ ഗൂഗിളിന്റെ ഡ്രീം ടീം റെഡി

ഇതേ വര്ഷം തന്നെ സെർച്ചിങ്ങിൽ പുതിയ മാനങ്ങൾ എഴുതി ചേർത്ത് ഗൂഗിൾ ഇമേജ് സേർച്ച് പുറത്തിറക്കുന്നു

**പുതിയ സേവനങ്ങൾ**

**2003 -ഗൂഗിൾ ആഡ് സെൻസ് സേവനം തുടങ്ങുന്നു**

**2004 -സമൂഹ മാധ്യമ രംഗത്തെ ആദ്യത്തെ സംരംഭം ഓർകൂട് പുറത്തിറങ്ങുന്നു**

**2005 -ഗൂഗിൾ മാപ്സ് ,ഗൂഗിൾ ഏർത്,അനലിറ്റിക്സ് പുറത്തിറങ്ങി**

**2006 - you tube നെ ഗൂഗിൾ ഏറ്റെടുക്കുന്നു**

**2008 - ഗൂഗിൾ chrome**

**2012 - ഗൂഗിൾ play ,ഗൂഗിൾ ഡ്രൈവ്**

**2016 - അലോയിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് രംഗത്ത് ശക്തമായ കാൽവെയ്പ്പ്**

**POOJA PRADESH**
**CLASS IX**

# കവികളുടെ വിളിപ്പേരുകൾ

| | |
|---|---|
| ശക്തിയുടെ കവി | -ഇടശ്ശേരി |
| ഉജ്വല ശബ്ദാഢ്യൻ | -ഉള്ളൂർ |
| ശബ്ദസുന്ദരൻ | -വള്ളത്തോൾ |
| വാക്കുകളുടെ മഹാബലി | - പി .കുഞ്ഞിരാമൻ നായർ |
| മാതൃത്വത്തിന്റെ കവി | -ബാലാമണി 'അമ്മ |
| ആശയ ഗംഭീരൻ | -കുമാരനാശാൻ |
| ജനകീയ കവി | -കുഞ്ചൻ നമ്പ്യാർ |
| ഭാഷയുടെ പിതാവ് | -എഴുത്തച്ഛൻ |
| ബേപ്പൂർ സുൽത്താൻ | -വൈക്കം മുഹമ്മദ് ബഷീർ |
| കേരള പാണിനി | -എ ആർ രാജരാജ വർമ്മ |
| കേരള ഹെമിങ്‌വേ | -M .T വാസുദേവൻ നായർ |
| കേരള മോപ്പസാങ്ങ് | -തകഴി |
| കേരളം ഇബ്സൺ | - N .കൃഷ്ണപിള്ള |
| കേരള തുളസിദാസ് | -വെണ്ണിക്കുളം ഗോപാല കുറുപ്പ് |

*SHILPA M S*
*CLASS VI*

# *പഴഞ്ചൊല്ലുകൾ*

- അടി തെറ്റിയാൽ ആനയും വീഴും
- അടിയിൽ ഉള്ള അഞ്ചാറ് വറ്റിന് അഞ്ചരിടങ്ങഴി വെള്ളം കുടിക്കുക
- അടുത്താൽ നക്കിക്കൊല്ലും അകന്നാൽ വെട്ടികൊല്ലും
- അടുപ്പില്ലെ തീയും പോയി വായിലെ തവിടും പോയി
- അട്ടക്ക പൊട്ടകുളം
- അട്ടയെ പിടിച്ച മെത്തയിൽ കിടത്തുക
- അണ്ണൻ കുഞ്ഞിനെ മരംകേറ്റം പഠിപ്പിക്കണോ
- അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ?
- അന്നബലം പ്രാണബലം
- അന്തിവിരുന്നു കുഞ്ഞിന് കേട്
- അധികമായാൽ അമൃതും വിഷം
- അന്നം ചെന്നാലേ കിന്നാരം പാടൂ
- അമ്മക്ക് പ്രാണവേദന മകൾക് വീണ വായന

*AMRUTHA ANEESH*
*CLASS VI*

# MY LOVING MOTHER

Mother is a precious jewel

O, mother i love you

True love and caring me

Having a heart of gold inside

Everyday my god is my mother

Re pay it i love my mother

*Ganga S Nair*

*Standard VII*

**ഭൂമി എന്ന ജീവഗ്രഹം**

**ഭൂമി എന്ന ജീവ ഗ്രഹം**
**ജീവനുള്ള ഏക ഗ്രഹം**
**നാലുപാടും ജലമാണ്**
**നാലുവശത്തും ജലമാണ്**
**മനുഷ്യരുള്ളോരു ഏക ഗ്രഹം**
**ഭൂമി എന്ന ജീവഗ്രഹം**

അനഘ എ എം

# കട്ടുറുമ്പിന്റെ കാതുകുത്ത്

കട്ടുറുമ്പിന്റെ കാതുകുത്തിനു
കാട്ടിലെന്തൊരു മേളാങ്കം
നാട്ടുകാർ വന്നു വീട്ടുകാർ വന്നു
കേട്ടവരൊക്കെ വിരുന്നു വന്നു
അരിയുമായി ചുണ്ടെലി വന്നു
വിറകുമായിട്ടാനയും വന്നു
വെച്ച് വിളമ്പാൻ ഈച്ചയും വന്നു
വേവ് നോക്കാൻ പൂച്ചയും വന്നു
പരിപ്പ് വച്ചു പായസം വച്ചു
പച്ചടി കിച്ചടിയെല്ലാം വച്ചു

ഊർമിള പി
ക്ലാസ് V

## കാലഘട്ടങ്ങൾ മാറുന്നു

സുന്ദരമായ ഗ്രാമം മരങ്ങളും പുല്ലുകളും പക്ഷികളുടെ പാട്ടുകളും അധ്വാനിക്കുന്ന ആളുകൾ വെയിലത്ത് വിയർത്തൊലിച്ചു നിന്നും പണി എടുക്കുന്ന കർഷകർ .തന്റെ സൈക്കിളിൽ നാട് ചുറ്റുന്ന കുട്ടികൾ ഇതെല്ലം ആയിരുന്നു പണ്ടത്തെ ഗ്രാമം .എന്നാൽ പിന്നീട് പട്ടണങ്ങൾ ആയി മാറി .ഗ്രാമത്തിൽ നിന്നും പട്ടണത്തിലേക്കു കുട്ടികളെ വിട്ടു പഠിപ്പിക്കുന്ന അച്ഛനമ്മമാർ പിന്നീട് ആളുകൾക്ക് വിദ്യാഭ്യാസം കിട്ടി അതുവഴി ആളുകൾ വാഹനങ്ങളും പുതിയ പുതിയ യെന്ത്രങ്ങളും നിലവിൽ കൊണ്ടുവന്നു .അങ്ങനെ ഗ്രാമങ്ങൾ പതിയെ പതിയെ ഇല്ലാതായി അങ്ങനെ കർഷകർ കുറഞ്ഞു വന്നു അതുവഴി വനങ്ങൾ നശിച്ചു .പിന്നീട് അയാൾ സംസ്ഥാനങ്ങളിൽ നിന്നും വിഷം നിറഞ്ഞ സാധനങ്ങൾ ഇറക്കുമതി ചെയ്തു അങ്ങനെ ആളുകൾക്ക് രോഗങ്ങൾ പിടിപെട്ടു .വിഷം നിറഞ്ഞ ആഹാരങ്ങൾ മാത്രം ആയി .അതുവഴുതി രോഗങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല അങ്ങനെ ആളുകൾ മടിയന്മാരായി മാറി.

തന്റെ അയൽവീട്ടിൽ ആരെന്നറിയാൻ പോലും മനസില്ല പണ്ടുകാലത്തെ കാൽനട ആയിരുന്നു ആശ്രയം . അതുവഴി മറ്റുനാട്ടിലെ വാർത്തകൾ മറ്റുള്ള നാട്ടിലേക്കു പരന്നു.കാരണം രാത്രിയിൽ നടന്നു ചെല്ലുന്നതു എവിടെ അവിടെ കിടക്കും.അന്ന് അവരുടെ വിശേഷങ്ങൾ പറയും .തിരിച്ചും അങ്ങനെ തന്നെ.അങ്ങനെ ആ വീട്ടുകൾ തമ്മിൽ ബന്ധങ്ങൾ സ്ഥാപിക്കും.എന്നാൽ അങ്ങനെ ഇപ്പോൾ മൊബൈൽ

വഴി ആണ് മിക്ക വിവാഹവും ഉറപ്പിക്കുന്നത്.ഒരാൾക്ക് ഒരു കാര്യം ആരോടെങ്കിലും പറയണമെങ്കിൽ അപ്പോൾ തന്നെ അറിയിക്കാൻ കഴിയുന്നു.എന്നാൽ പണ്ട് അങ്ങനെ അല്ല.ഇന്നൊരു കത്ത് അയച്ചാൽ രണ്ടു മൂന്ന് ദിവസം എടുക്കും ആ കത്ത് നാട്ടിൽ എത്താൻ.അതുപോലെ ഇപ്പോൾ പട്ടണങ്ങളിലും ഗ്രാമങ്ങളിലും മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ്.പ്രകൃതി പോലും ഈ തലമുറയെ ശപിച്ചിരിക്കുകയാണ്.അതിനു ഏറ്റവും വലിയ ഉദാഹരണം ആണ് ഓഗസ്റ്റ് 15 ഇൽ നടന്ന മഹാ പ്രളയം.എന്നാൽ ഒന്നിൽ നമ്മൾ ഇന്ത്യക്കാർ അഭിമാനിക്കണം

എതാപത്തിലും തന്റെ ജീവനേക്കാൾ മറ്റു ജീവന് വില കൊടുക്കുന്നു .പ്രളയത്തിൽ രക്ഷിക്കുന്ന ആളുകളിൽ കൂടുതലും മറ്റു സംസ്ഥാനത്തിൽ നിന്നും വന്നവരാണ്. നമ്മുടെ പ്രകൃതിയെ  സുന്ദര പ്രകൃതിയായി വരും തലമുറക്ക് തിരിച്ചു കൊടുക്കണം  അതാവണം നമ്മുടെ ലക്ഷ്യം

ANNAMMA THOMAS
CLASS IX

**എന്റെ ഉമ്മ**

**പത്തുമാസം വയറ്റിൽ ചുമന്ന് വളരെ ബുദ്ധിമുട്ട് അനുഭവിച്ചു നമ്മെ പ്രസവിച്ചവർ ആണ് നമ്മുടെ ഉമ്മമാർ.ഉമ്മ കുഞ്ഞിന്റെ കൈ വളരുന്നുണ്ടോ കാല് വളരുന്നുണ്ടോഎന്ന് നോക്കും.മക്കളുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റികൊടുക്കുന്നു.മക്കളെ നല്ല വിദ്യാലയങ്ങളിൽ വിട്ടു പഠിപ്പിക്കുന്നു.മക്കൾക്കു മരുന്ന് ,വസ്ത്രം ,ആഹാരം , തുടങ്ങിയവ വാങ്ങികൊടുക്കുന്നു.ബാപ്പ ഇല്ലാത്ത മക്കളെ ഉമ്മമാർ വളരെ കഷ്ടപ്പാടും ബുദ്ധിമുട്ടും അനുഭവിച്ചാണ് വളർത്തുന്നത്.ഉമ്മ ഒരു ബുദ്ധിമുട്ടു പോലും മക്കളെ അറിയിക്കുന്നില്ല.ഉമ്മ അന്യനാടുകളിൽ പോയാണ് മക്കളെ വളർത്തുന്നത്.ആരെങ്കിലും മക്കളെ എന്തെങ്കിലും പറഞ്ഞാൽ ഉമ്മ സഹിക്കുന്നില്ല.മക്കൾ ഒരാപത്തിലും ചെന്ന് ചാടാതെ ഉമ്മ ശ്രദ്ധിക്കുന്നു.മക്കൾ എന്തെങ്കിലും ആപത്തിൽ ചെന്ന് ചാടിയോ എന്ന് അവരുടെ സംസാരത്തിൽ നിന്നും ഉമ്മക്ക് മനസിലാകുന്നു.ഉമ്മ മക്കളെ വളർത്തി വലുതാക്കി സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തർ ആക്കുന്നു .അനാഥാലയങ്ങളിലും വൃദ്ധസദനങ്ങളിലും കൊണ്ടുപോയി വിടുന്നു.വനങ്ങളിലേക്കും തെരുവുകളിലേക്കും വലിച്ചെറിയുന്നു നമ്മുടെ അമ്മമാരെ .ചിലർ ഉമ്മമാരേ വീട്ടുജോലിക്കാർ ആക്കുന്നു .വീട്ടിൽ അതിഥികൾ വരുമ്പോൾ ഉമ്മയെ അവരുടെ മുന്നിൽ നിർത്തി അപമാനിക്കുന്നു.അവർ വിഷമം സഹിക്കാൻ പറ്റാതെ വീട്ടിൽ നിന്നും ഇറങ്ങുന്നു .അവർ ഓർക്കുന്നില്ല അവർക്കു നാളെ ഈ ഗതി വരുമെന്ന്.**

**“ മക്കൾ ഓർക്കുന്നില്ല ഉമ്മാടെ കാലടി പാടിൽആണ് സ്വർഗം "**

***AMINA BEEVI***
***CLASS IX***

## നന്മയുടെ തിരിച്ചറിവ്

ഒരു മനോഹരമായ കാട്.അവിടെ കുറേ മുയലുകൾ ഉണ്ടായിരുന്നു.മറ്റുള്ള മൃഗങ്ങൾക്കു മുയലുകളെ ഇഷ്ടം അല്ലായിരുന്നു.കാരണം ഏറ്റവും ചെറിയ മൃഗം ആയതുകൊണ്ട്.അവയെകൊണ്ട് ഒരു പ്രയോജനവും ഇല്ലെന്നു മറ്റുള്ള മൃഗങ്ങൾ കളിയാക്കി.ഇത് കേൾക്കുമ്പോൾ മുയലുകൾ സങ്കടപ്പെടുമായിരുന്നു.അവരെ മറ്റുള്ള മൃഗങ്ങൾ കൂട്ടത്തിൽ കൂട്ടുക ഇല്ലായിരുന്നു.എന്നാൽ ഒരിക്കൽ ഇരതേടി പോയ മുയലുകൾ ഒരു കരച്ചിൽ കേട്ടു.അത് ആ കാടിന്റെ രാജാവായ സിംഹത്തിന്റേതായിരുന്നു.മുയലുകൾ കരച്ചിൽ കേട്ട ഭാഗത്തേക്ക് ഓടിച്ചെന്നു.രാജാവായ സിംഹം ഒരു കുഴിയിൽ വീണത് ആയിരുന്നു.ഓടി വന്ന മുയലുകളോട് "എന്നെ ഒന്ന് രക്ഷിക്കു "എന്ന് സിംഹം പറഞ്ഞു.മുയലുകൾ ഒന്നും നോക്കാതെ അവർ ഒരുമിച്ച് സിംഹത്തെ രക്ഷിച്ചു.സിംഹം നന്ദി പറഞ്ഞു.പിറ്റേ ദിവസം,കാടിന്റെ രാജാവായ സിംഹം യോഗം ചേർന്നു.മുയലുകളുടെ പ്രവർത്തി പറഞ്ഞു ആദരിച്ചു .സിംഹം മറ്റുള്ളവരോടായി ഇങ്ങനെ പറഞ്ഞു ;ആരുമില്ലാതെ ഞാൻ ഒരു അപകടത്തിൽ പെട്ടപ്പോൾ ഈ മുയലുകൾ മാത്രമേ രക്ഷിക്കാൻ ഉള്ളായിരുന്നു.നമ്മൾ ആരും തന്നെ ഇനി മറ്റുള്ളവരുടെ വലിപ്പ ചെറുപ്പം നോക്കി അവരെ വേദനിപ്പിക്കരുത്.അവരിലെ കുറവുകൾ കണ്ടു പരിഹസിക്കാതെ അവരിലെ നന്മ തിരിച്ചറിയണം . ഈ ലോകത്തിലെ മൃഗങ്ങളെയും മനുഷ്യരെയും എല്ലാം ദൈവം സൃഷ്ടിച്ചിരിക്കുന്നത് മറ്റുള്ളവർക്കും ഭൂമിക്കും നന്മ ചെയ്യാൻ ആണ്

"നമ്മുടെ സമൂഹത്തിൽ വലിപ്പ ചെറുപ്പത്തിനാണ് പ്രാധാന്യം നൽകുന്നത് അതിൽ തിന്മ കാണാനേ ശ്രമിക്കുന്നുള്ളു.നന്മ തിരിച്ചറിയുന്നില്ല "

**POOJA PRADESH**
**CLASS IX**

## അച്ഛനും മകനും

ഒരിടത്തു ഒരു വീട്ടിലെ കുട്ടി ട്യൂഷന്പോകുകയായിരുന്നു.അപ്പോൾ ആ കുട്ടിയോട് അസൂയ ഉള്ള ഒരു കുട്ടി അവൻ മിടായി തിന്നുന്നത്കണ്ടു .അവന് ആ കുട്ടിയുടെ വെട്ടുപ് അറിയാമായിരുന്നു. അവൻ ഉടൻ തന്നെ ആ കുട്ടിയുടെ വീട്ടിൽ ചെന്ന് പറഞ്ഞു കുറെ സമയം കഴിഞ്ഞു ആ കുട്ടി തിരിച്ചു വീട്ടിൽ വന്നു .അവനെ അച്ഛൻ അടിച്ചു അവൻ ചോദിച്ചു എന്തിനാ അച്ഛാ എന്നെ അടിച്ചത്.നെ കടയിൽ നിന്നും മിടായി വാങ്ങിച്ചു തിന്നത് എന്തിനാ ?അച്ഛാ അതെന്റെ കൂട്ടുകാരൻ വാങ്ങിച്ചു തന്നതാ.ഞാൻ ഇവിടുന്ന്പൈസ കൊണ്ടുപോയില്ല.ഇത് കേട്ടപ്പോൾ മകനെ തല്ലിയതോർത്തുഅച്ഛന് വിഷമം ആയി

ഗുണപാഠം :കാര്യം അറിയാതെ നമ്മൾ ആരെയും ഒന്നും ചെയ്യരുത്

**KIRAN RAJ**
**CLASS V**

# സൗഹൃദം

ഒരു സുന്ദരമായ ഗ്രാമം .മലകളും ആറുകളും അരുവികളും വെള്ളച്ചാട്ടവും വയലുകളും നിറഞ്ഞ ഒരു ശാന്തസുന്ദരമായ ഒരു ഗ്രാമം .മലമുകളിൽ സൂര്യൻ ഉദിച്ചു നിൽകുമ്പോൾ ആണ് ആ ഗ്രാമം ശരിക്കും കാണാൻ ഭംഗി .ആ ഗ്രാമത്തിൽ ചെല്ലുമ്പോളേക്കും ശുദ്ധവായു ശ്വസിക്കാം .മനസിന് കുളിരേകുന്ന ഇളം കാറ്റ്.ചെവികൾ ആകർഷിക്കുന്ന വെള്ളച്ചാട്ടത്തിന്റെ ശബ്ദം കണ്ണിനെ കുളിരണിയിക്കുന്ന മനോഹരമായ കാഴ്ച .ആ ഗ്രാമത്തിലെ വയലോരങ്ങളിലൂടെ നാലു കുട്ടികൾ നടന്നു കളിച്ചു രസിച്ചു പോകുന്നു .അവർ നാലും ഉറ്റ സുഹൃത്തുക്കൾ ആണ് .ശരിക്കും അവർ ഒരമ്മപെറ്റ മക്കളെ പോലെ ആണ് കഴിഞ്ഞത് .പഠന പ്രവർത്തനങ്ങളിൽ അവർ തികച്ചും മിടുക്കരായിരുന്നു.ഒന്നിനൊന്നു മെച്ചമായി അവർ പഠിച്ചിരുന്നു.അച്ചു ,മുത്ത് .പൊന്നു ,അപ്പു ,എന്നിങ്ങനെ ആയിരുന്നു അവരുടെ പേര് .

ഒരു ഞായറാഴ്ച ദിവസം

അച്ചുവും അപ്പുവും മുത്തും പൊന്നുവിന്റെ വീട്ടിൽ പോയി .അച്ചു പൊന്നുവിനോട് ചോദിച്ചു 'അമ്മ എവിടെ എന്ന് !അവൾ പറഞ്ഞു 'അമ്മ പഞ്ചായത്തിൽ പോയി എന്ന് .പൊന്നു കൂട്ടുകാർക്കു കാപ്പി കൊടുത്തു .പിന്നീട് നാലു പേരും കുടികളിയ്ക്കാൻ പോയി .അവർക്കു വഴിയോരത്തുനിന്നും ഒരു മൊബൈൽ ഫോൺ കിട്ടി .അവർ അതെടുത്തു അപ്പു പറഞ്ഞു അതെടുക്കണ്ട ആ ഫോൺ അടുത്ത പോലീസ് സ്റ്റേഷനിൽ ഏല്പിക്കാം എന്ന് മുത്തും അപ്പുവും പറഞ്ഞു .എന്നാൽ അച്ചുവും പൊന്നുവും പറഞ്ഞു വേണ്ട ഇത് നമ്മുക്ക് എടുക്കാം .അച്ചു നിർബന്ധം പിടിച്ചു .മറ്റുള്ളവർ അവസാനം അതിനു വഴങ്ങി .

അച്ചുവിന് ഇവരെ കൂടാതെ മറ്റൊരു സുഹൃത്തും ഉണ്ടായിരുന്നു .ഒരു പതിനാറു വയസു പ്രായം വരുന്ന കുട്ടി .അവന്റെ പേര് ഉണ്ണി എന്നായിരുന്നു .ഉണ്ണി ഒരു ചീത്തകുട്ടി ആയിരുന്നു .അച്ചുവിന് അത്

അറിയില്ലായിരുന്നു എന്നാൽ മറ്റുള്ളവർക്ക് നന്നായി അറിയാം അവൻ ചീത്ത കുട്ടി ആണെന്ന് .അച്ചു ഇടയ്ക്കിടയ്ക്ക് ഉണ്ണിയുടെ വീട്ടിൽ പോകുമായിരുന്നു .

ഒരു ദിവസം അച്ചുവിന്റെ അമ്മയുടെ കണ്ണിൽ ഇത് കണ്ടു .അവന്റെ 'അമ്മ അത് മറ്റു കുട്ടികളോട് പറഞ്ഞു .ആ കുട്ടികൾ അവനോടു പലതവണ പറഞ്ഞു എന്നിട്ടും അവൻ കേട്ടില്ല .അച്ചു പതിയെ പതിയെ പഠനത്തിൽ പിന്നിലായി .ഒരു കളികളിലും ഏർപ്പെടാതെ ആയി .ഒരു ദിവസം അച്ചു സ്കൂളിലെ അസംബ്ലിയിൽ തലകറങ്ങി വീണു .അവൻ തികച്ചും അബോധാവസ്ഥയിൽ ആയി .അവനെ വേഗം ആശുപത്രിയിൽ കൊണ്ടുപോയി .പൊന്നുവും മുത്തും അപ്പുവും ഒരു പാട് കരഞ്ഞു .ഡോക്ടർ അവന്റെ അമ്മയെ വിളിപ്പിച്ചു .അവന്ഇങ്ങനെ വരാനുള്ള കാരണം മയക്കുമരുന്നിന്റെ നിരന്തരമായ ഉപയോഗം ആണ് എന്ന് ഡോക്ടർ പറഞ്ഞു

ഉണ്ണിയെ പോലീസ് പിടിച്ച വിവരം അച്ചു അറിഞ്ഞില്ല .അച്ചു ലഹരി വസ്തുവിനായി അവിടെ പോയപ്പോൾ ഉണ്ണിയെ കണ്ടില്ല .ഒരു ദിവസം മയക്കുമരുന്ന് കിട്ടാതിരുന്നതിലാണ് അവന് ഈ അവസ്ഥ വന്നത് എന്ന് ക്രമേണ അവർക്കു മനസിലായി .അച്ചുവിന് ഭേദം ആയി അവൻ പൂർവ സ്ഥിതിയിലേക്ക് വന്നു .കുറച്ചു ദിവസം എല്ലാവരും വല്ലാതെ ദുഖത്തിലായിരുന്നു

പിന്നീട് അച്ചുവിന് പഠനത്തിൽ ശ്രദ്ധ ചെലുത്താൻ കഴിഞ്ഞു .ഏവർക്കും നിലച്ചുപോയ സന്തോഷവും ഒരു കുടുംബത്തിന്റെ സമാധാനവും തിരികെ വന്നു .നാലു കുട്ടികളും സന്തോഷത്തോടെ ചിരിച്ചു കളിച്ചു അവരുടെ സൗഹൃദം മറ്റുള്ളവർക്ക് മാതൃക ആയി

"ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട "

ATHULYA ULLAS

CLASS IX

GHSS THEKKUTHODU

# കാർഷിക കലണ്ടർ

| | |
|---|---|
| നെല്ല് | ഏപ്രിൽ -മെയ് |
| ചീര | എല്ലാ കാലത്തും |
| വെണ്ട | ഫെബ്രുവരി -മാർച്ച് |
| പാവൽ | ജനുവരി -ഫെബ്രുവരി |
| പടവലം | ജനുവരി -ഫെബ്രുവരി |
| വെള്ളരി | ജനുവരി -ഫെബ്രുവരി |
| മത്തൻ | ജനുവരി -ഫെബ്രുവരി |
| കുമ്പളം | ജനുവരി -ഫെബ്രുവരി |
| വഴുതന | മെയ് -ജൂൺ |
| തക്കാളി | ഒക്ടോബർ-നവംബർ |
| പച്ചമുളക് | മെയ് -ജൂൺ |
| പയർ | മെയ് -ജൂൺ |
| ചേന | ഫെബ്രുവരി -മാർച്ച് |
| ചേമ്പ് | മെയ് -ജൂൺ |
| കാച്ചിൽ | മാർച്ച് -ഏപ്രിൽ |
| മരച്ചീനി | ഏപ്രിൽ -മെയ് |

Surya dev K S
CLASS VI

# സ്കൂളുകളിൽ മുട്ട വിപ്ലവം

വിദ്യാർത്ഥികൾക്ക് നൽകിയ കോഴികളിൽ നിന്നും കിട്ടിയത് 13 കോടി മുട്ട

സംസ്ഥാനത്തെ സ്കൂളുകളിൽ മുട്ട വിപ്ലവം നടക്കുകയാണ് .പൗൾട്ടറി വികസന കോർപ്പറേഷൻ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 6 -9 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകിയ മുട്ടക്കോഴികൾ സംസ്ഥാനത്തെ മുട്ട ക്ഷാമം തീർക്കുന്നതിൽ കാര്യമായ പങ്ക് വഹിച്ചു തുടങ്ങി .2018 ന 2 .56 കോടി മുട്ട ആണ് ഈ സ്കൂൾ കോഴികൾ തന്നത് . 2017 ന 60 .96 ലക്ഷം മുട്ടയെ ഈ ഇനത്തിൽ ലഭിച്ചിരുന്നുള്ളു

രണ്ടായിരത്തി പതിനെട്ടിൽ 26266 വിദ്യാർത്ഥികൾക്ക് 131330 കോഴികളെ നൽകിയിരുന്നു .രണ്ടായിരത്തിപതിനേഴിൽ 88774 വിദ്യാർത്ഥികൾക്ക് 44370 കോഴികളെ നൽകി . 2010 -11 തുടങ്ങിയ പദ്ധതിയിൽ ഇതുവരെ 13 കോടി മുട്ട ഉൽപ്പാദിപ്പിച്ചു .ഒരു വിദ്യാർത്ഥിക്ക് 5 കോഴികളെയും 5 കിലോ തീറ്റയും മരുന്നും ആണ് സൗജന്യമായി നൽകുന്നത് .കൂടുതൽ വിദ്യാർത്ഥികൾക്ക് കോഴി വളർത്തലിനു അവസരം ഒരുക്കാനുള്ള തയ്യാറെടുപ്പിൽ ആണ് സർക്കാർ .ഈ മുട്ട വില നൽകി വാങ്ങി സ്കൂളിലെ ഉച്ചഭക്ഷണത്തിനു

**ഉപയോഗിക്കുകയും ആവാം .**


**കേരളത്തിന് മുട്ടയിൽ സ്വയം പര്യപ്തമാവാൻ വർഷം 540 കോടി മുട്ട വേണം എന്നാണ് കണക്ക്.കഴിഞ്ഞ വർഷം സംസ്ഥാനത്തു ഉത്പാദനം 234 .80 കോടി മുട്ട ആയിരുന്നു .ബാക്കി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു**

# കുട്ടികളുടെ അവകാശങ്ങൾ

- സംസാരത്തിനും ആശയ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- 
- ജീവനും വ്യക്തി സ്വാതന്ത്രത്തിനുമുള്ള സംരക്ഷണം
- 
- അതിജീവനത്തിനും പൂർണ വികാസത്തിനുമുള്ള അവകാശം
- 
- ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- 
- മാനസികവും ലൈംഗികവുമായ പീഡനങ്ങളിലി നിന്നുള്ള സംരക്ഷണം
- 
- പങ്കാളിത്തത്തിനുള്ള അവകാശം
- 
- ബാലവേലയിൽ നിന്നുള്ള മോചനം
- 
- ശൈശവ വിവാഹത്തിൽ നിന്നുള്ള സംരക്ഷണം
- 
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- 
- കളിക്കാനും പഠിക്കാനുമുള്ള അവകാശം

ANUJA ANIL

CLASS VI




NANDHANA
CLASS IX



ASWIN A K,CLASS VIII

**GOLDEN MOMENTS**

# പ്രവേശനോത്സവം -2018-19









## RECEIVING THE BEST PTA AWARD








പരിസ്ഥിതി ദിനം



# പ്രളയ ബാധിതർക്ക് ഒരു സഹായം



## ലഹരി വിരുദ്ധ ക്ലാസ്




## മാതൃഭാഷ ദിനാഘോഷം



# നന്ദി.........

അക്ഷരങ്ങളുടെ ലോകത്തേക്ക്
വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉള്ള ഈ യാത്രയിൽ ഞങ്ങളെ സഹായിച്ച സ്കൂളിലെ നല്ലവരായ അധ്യാപകർ അനധ്യാപകർ വിദ്യാർത്ഥികൾ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ എന്നിവരോടുള്ള നന്ദി അറിയിച്ചു കൊള്ളുന്നു.

**By Team**

**LITTLE KITES**
**UNIT NO.38081**

**GHSS THEKKUTHODU**